**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2113** **09-02-2023 - ൽ മറുപടിയ്ക്ക്**

**കാൻസർ കെയർ ഫോർ ലൈഫ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | റീജിയണൽ കാൻസർ സെന്ററിൽ നടപ്പിലാക്കി വന്നിരുന്ന കാൻസർ കെയർ ഫോർ ലൈഫ് പദ്ധതി നിർത്തിവയ്ക്കാനുള്ള കാരണം വിശദമാക്കാമോ; | (എ) | ആർ.സി.സി യുടെ കാൻസർ കെയർ ഫോർ ലൈഫ് പദ്ധതിയ്ക്ക് വിവിധ ഘട്ടങ്ങൾ ഉണ്ടായിരുന്നു. 1986 ൽ കേവലം 101 രൂപ അംഗത്വ ഫീസോട്ടുകൂടി ആരംഭിച്ച ഈ പദ്ധതി 1991 ൽ അവസാനിച്ചിരുന്നു. ഈ ഒന്നാംഘട്ട പദ്ധതിയ്ക്ക് ശേഷം 1992 ൽ 500 രൂപ അംഗത്വഫീസോട്ടുകൂടി രണ്ടാംഘട്ട പദ്ധതി ആരംഭിക്കുകയും അത് 1997 മാർച്ചിൽ അവസാനിക്കുകയും ചെയ്തു. 1997 ഏപ്രിൽ മാസത്തിൽ 500, 10,000 രൂപ എന്നീ രണ്ട് തരം അംഗത്വ ഫീസൊട്ടുകൂടി തുടങ്ങിയ മൂന്നാം ഘട്ടപദ്ധതി 2014 ഓഗസ്റ്റ് മാസത്തിൽ അവസാനിച്ചിരുന്നു.<br><br>കാൻസർ ചികിത്സാ-ക്ഷേമ പദ്ധതികൾ വിരളമായിരുന്ന കാലത്ത് ആർ.സി.സി-യുടെ ആഭിമുഖ്യത്തിൽ തുടങ്ങിയ പദ്ധതിയാണ് കാൻസർ കെയർ ഫോർ ലൈഫ്. രോഗികൾക്ക് സൗജന്യ കാൻസർ ചികിത്സ ലഭിക്കാൻ മറ്റ് പദ്ധതികൾ ഇല്ലായിരുന്ന കാലത്ത് ഈ പദ്ധതി അത്യധികം പ്രയോജനപ്രദമായിരുന്നു. എന്നാൽ ഇപ്പോൾ സർക്കാരിന്റെ ആഭിമുഖ്യത്തിൽ വിവിധ കാൻസർ-ചികിത്സാ ക്ഷേമ പദ്ധതികൾ നിലവിലുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കുട്ടികൾക്കുള്ള കാൻസർ സുരക്ഷാ പദ്ധതി (18 വയസ്സുവരെയുള്ള), കാരുണ്യ ബനവലന്റ് പദ്ധതി, പട്ടികവർഗ്ഗ വിഭാഗത്തിനുള്ള പ്രത്യേക കാൻസർ ചികിത്സാ പദ്ധതി തുടങ്ങി വിവിധ ക്ഷേമ പദ്ധതികൾ ഇപ്പോൾ രോഗികൾക്ക് ലഭ്യമാണ്. ഇത് കൂടാതെ പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമുള്ള ഇൻഷ്വറൻസ് കമ്പനികൾ കാൻസർ ചികിത്സക്കുള്ള ഇൻഷ്വറൻസ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br><br>ഈ പശ്ചാത്തലത്തിലാണ് നാലാംഘട്ട കാൻസർ കെയർ ഫോർ ലൈഫ് പദ്ധതിക്ക് വേണ്ടിയുള്ള |

| | | | |
|---|---|---|---|
| | | | പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയെങ്കിലും തുടർ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ട് പോകാൻ കഴിയാഞ്ഞത്. മുൻപ് സൂചിപ്പിച്ച കാലഘട്ടങ്ങളിൽ ഇൻഷ്വറൻസ് പദ്ധതിയിൽ ചേർന്നവർക്ക്, ഇപ്പോഴും സൗജന്യ ചികിത്സ നൽകുന്നുണ്ട്. |
| (ബി) | ജനങ്ങൾക്ക് ഏറെ ഉപകാരപ്രദമായ ഈ പദ്ധതി പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഈ പദ്ധതി പുനരാരംഭിക്കുകയോ പകരം മറ്റൊരു പദ്ധതി തുടങ്ങുകയോ ചെയ്യണമെങ്കിൽ നിലവിലെ സാഹചര്യത്തിൽ കൂടുതൽ വിശദമായ പഠനങ്ങൾ നടത്തേണ്ടതുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിക്ക് പകരം മറ്റേതെങ്കിലും പദ്ധതിക്ക് തുടക്കം കുറിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ? | (സി) | ഈ പദ്ധതി പുനരാരംഭിക്കുകയോ പകരം മറ്റൊരു പദ്ധതി തുടങ്ങുകയോ ചെയ്യണമെങ്കിൽ നിലവിലെ സാഹചര്യത്തിൽ കൂടുതൽ വിശദമായ പഠനങ്ങൾ നടത്തേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ